പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1906</u> <u>11.02.2020 ൽ മറുപടിക്ക്</u>

**<u>കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിവേഗ റെയിൽ പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എം. കെ. മുനീർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള അതിവേഗ റെയിൽ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് റെയിൽ പാത പദ്ധതിയുടെ സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പാത കടന്നു പോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുക; അറിയിക്കുമോ; | (ബി) | ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ വില്ലേജുകളിലെ ഭൂമിയാണ് ഏറ്റെടുക്കുക; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. |
| (ഡി) | ഏറ്റെടുക്കേണ്ട ഭൂമി ഏതൊക്കെയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ